പതിമൂന്നാം കേരള നിയമസഭ

ഏഴാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1198 — 08.02.2013ൽ മറുപടിയ്ക്ക്

: സാങ്കേതിക സർവ്വകലാശാല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.പി.എ.മാധവൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(എ) ഉണ്ട്. 22/01/2011-ലെ സ.ഉ.(കൈ)നമ്പർ.350/11/പൊ.ഭ.വ.- പ്രകാരം സംസ്ഥാനത്ത് സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുക എന്നത് സർക്കാരിന്റെ ഒരു വർഷ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും, അത്തരത്തിൽ നടപടികൾ മുന്നോട്ട് പോയിട്ടുള്ളതുമാണ്.

(ബി) സർവ്വകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) (1)സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനും, ഫലപ്രദമായ നിയന്ത്രണ സംവിധാനം സൃഷ്ടിക്കുന്നതിനും;

(2)എഞ്ചിനീയറിംഗ് ബിരുദധാരികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന്;

(3)എഞ്ചിനീയറിംഗ് ബിരുദധാരികളുടെ തൊഴിൽ വൈദഗ്ധ്യം ഉറപ്പുവരുത്തുന്നതിന്;

(4)എഞ്ചിനീയറിംഗ് ഗവേഷണത്തിന് അനുകൂലമായ സാഹചര്യം ഉണ്ടാക്കിയെടുക്കുന്നതിന്;

(5)നിലവിലുള്ള അഫിലിയേറ്റഡ് സമ്പ്രദായത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന്.

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം തരം കോളേജുകളെയാണ് പ്രസ്തുത സർവ്വകലാശാലയുടെ പരിധിയിൽപ്പെടുത്താനുദ്ദേശിക്കുന്നത്; | (സി) | യൂണിവേഴ്സിറ്റി നിഷ്കർഷിക്കുന്ന തരത്തിൽ ഗുണനിലവാരമുള്ള കോളേജുകളെ മാത്രം സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യുന്നു. എന്നാൽ എല്ലാ കോളേജുകൾക്കും അഫിലിയേഷനുവേണ്ടി അപേക്ഷിക്കാം. അത്തരം അപേക്ഷകൾ പരിശോധിച്ച് ഗുണനിലവാരമുള്ള കോളേജുകളെ സർവ്വകലാശാലയിൽ ഉൾപ്പെടുത്തും. |
| (ഡി) | ഇത് സ്ഥാപിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; | (ഡി) | സർവ്വകലാശാല ഹെഡ്ക്വാർട്ടേഴ്സ് രൂപീകരിക്കുന്നതിനും, പരീക്ഷാ നടത്തിപ്പിനുമായി 2012-13 വർഷത്തെ ബഡ്ജറ്റിൽ 1.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഇ) | സർവ്വകലാശാല സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ? | (ഇ) | സാങ്കേതിക സർവ്വകലാശാല ആക്ടിന്റെ കരട് സർക്കാരിന്റെ (നിയമ വകുപ്പ്)പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ